(ബി) ചരക്കുകൾ കൊണ്ടുപോകുമ്പോൾ മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 47 (1) അനുശാസിക്കുന്ന രേഖകൾ ഉണ്ടായിരിക്കണം. മതിയായ രേഖകൾ ഇല്ലാതെ ചരക്കുകൊണ്ടുപോകുന്നതായി കണ്ടെത്തിയാൽ വകുപ്പ് 47 (2) പ്രകാരം പിഴ ചുമത്തുന്നതാണ്. ചെക്ക് പോസ്റ്റുകളിലും സ്ക്വാഡുകളിലും ഈ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റ് വഴി വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ 8F-ലും റെയിൽവേ വഴി വരുന്നവ 8F A യിലും ഓൺലൈനായി ഡിക്ലയർ ചെയ്യണമെന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിന് ചെക്ക് പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇത്തരം പ്രവണതകൾക്കെതിരെ മൂല്യ വർദ്ധിത നികുതി നിയമത്തിലെ നിലവിലുള്ള വകുപ്പുകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) റെയിൽവേ വഴിയും റോഡു വഴി പാസഞ്ചർ വാഹനങ്ങളിലും നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത് തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഒക്ടോബർ വരെ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗം ട്രൂറിസ്റ്റ് ബസുകളിൽ നടത്തിയ പരിശോധകളിൽ 112.43 ലക്ഷം രൂപയും റെയിൽവേയിൽ നടത്തിയ പരിശോധകളിൽ 375.24 ലക്ഷം രൂപയും പിഴയായി ഈടാക്കിയിട്ടുണ്ട്.

കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി

15(*345) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപനങ്ങൾ നടത്തിയെങ്കിലും പ്രസ്തുത പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി യാതൊന്നും ചെയ്തില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൈത്തറി മേഖലയിൽ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഇല്ല.

(ബി) ഉണ്ട്. ഉൽപ്പാദനക്ഷമത കൂട്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്ക് പ്രചോദന പരിപാടി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. പുതിയ ആൾക്കാരെ കണ്ടെത്തി നെയ്ത്തിൽ പരിശീലനം നൽകി നെയ്ത്ത് മേഖലയിലേക്ക് കൊണ്ടു വന്നു. ഉൽപ്പാദനം കൂട്ടുന്നതിനുള്ള നടപടികൾ എടുത്ത് വരുന്നു. കൈത്തറി മേഖലയിൽ പുതിയ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതിനായി 2012 സാമ്പത്തിക വർഷം മുതൽ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കുറഞ്ഞത് 10 തറിയെങ്കിലും സ്ഥാപിച്ച് നെയ്ത്ത് തുടങ്ങുന്നതിന് ഈ പദ്ധതി പ്രകാരം ഫിക്സഡ് ക്യാപ്പിറ്റലിന്റെ 40%-വും (പരമാവധി 4 ലക്ഷം രൂപയും) വർക്കിംഗ് ക്യാപ്പിറ്റലിന്റെ 30%വും (പരമാവധി 1.50 ലക്ഷം രൂപയും) മാർജിൻ മണി സഹായമായി നൽകുന്നു. പദ്ധതി ചെലവിന്റെ 10% സംരഭകൻ എടുത്തിരിക്കണം. വിവിധ ജില്ലകളിലായി 38 പേർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. 38 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മാസ്റ്റർ വീവേഴ്സിനെ സഹായിക്കുന്നതിനും, മാർജിൻ മണി ഗ്രാന്റ്, ടെക്നോളജി അപ്ഗ്രഡേഷൻ, തറി വാങ്ങുന്നതിനും, പുതിയ ഡിസൈൻ, പരിശീലനം എന്നിവയ്ക്കായി 1,28,125 രൂപ നൽകി വരുന്നു. ആകെ 73 മാസ്റ്റർ വീവേഴ്സിന് ഈ പദ്ധതി പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ ഗ്രാന്റ് നൽകുകയുണ്ടായി.

സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെ പിരിച്ചുവിടൽ

16(*346) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ നിയോഗിച്ചുകൊണ്ടിരിക്കുന്നതും, കാലാവധി കഴിഞ്ഞ സഹകരണ സംഘങ്ങളിൽ യഥാസമയം തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളിൽ ജനാധിപത്യ ഭരണം ഇല്ലാതാക്കുന്ന ഇത്തരം നടപടികൾ നിയന്ത്രിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly